# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2565** **12.03.2020-ൽ മറുപടിയ്ക്ക്**

**ബാർ ലൈസൻസ്**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.പി.ഉബൈദുള്ള**<br>**ശ്രീ. മഞ്ഞളാംകുഴി അലി** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |
| **എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാറുകൾ നിർത്തലാക്കിയത് കാരണം എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായി എന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ; | **എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാറുകൾ നിർത്തലാക്കിയത് കാരണം അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 361 പേർക്കും, എംപ്ലോയി പ്രൊവിഡന്റ് ഫണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6749 പേർക്കും തൊഴിൽ നഷ്ടമായി. |
| **ബി)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലൈസൻസ് പുതുക്കി നൽകാത്തത് മൂലം അടച്ചു പൂട്ടിയത് എത്ര ബാറുകളാണെന്ന് വ്യക്തമാക്കുമോ; | **ബി)** 712 ബാറുകൾ |
| **സി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്; | **സി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എഫ്.എൽ.11 ആയി പ്രവർത്തിച്ചിരുന്ന 404 ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകി. കൂടാതെ 170 ഹോട്ടലുകൾക്ക് പുതുതായി ലൈസൻസ് നൽകിയിട്ടുണ്ട്. |
| **ഡി)** അത് മുഖേന എത്ര തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കപ്പെട്ടു; തൊഴിൽ നഷ്ടപ്പെട്ട എത്രപേരെ ഇതിൽ പുനരധിവസിപ്പിക്കാൻ കഴിഞ്ഞുവെന്നും പുനർ നിയമനം ലഭിക്കാതെ എത്ര പേർ ശേഷിക്കുന്നുണ്ടെന്നും അറിയിക്കാമോ? | **ഡി)** സംസ്ഥാനത്ത് ബാറുകൾക്ക് ലൈസൻസ് നൽകിയതിലൂടെ വളരെയധികം തൊഴിലവസരങ്ങൾ പുനഃസ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല. തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസത്തിനായി കേരള അബ്കാരി ക്ഷേമനിധി ബോർഡ് മുഖാന്തിരം തൊഴിൽ നഷ്ടപ്പെട്ടവർക്ക് നടപ്പാക്കിവരുന്ന "സുരക്ഷാ" സ്വയം തൊഴിൽ പദ്ധതിയിൽ 188 ആൾക്കാർ മാത്രമാണ് അപേക്ഷ നൽകിയിട്ടുള്ളത്. |

Santhosh

**സെക്ഷൻ ഓഫീസർ**